ഉത്തരം

കൽപ്പറ്റ വില്ലേജിലെ ബ്ലോക്ക് 19-ൽ സർവ്വേ നമ്പർ 94/2-ൽ ഉൾപ്പെട്ട 0.0405 ഹെക്ടർ ഭൂമിയിൽ, വാണിജ്യ നികുതി ഓഫീസ് സമുച്ചയം പണിയുന്നതിനു വേണ്ടി, ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിന് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമരവിള വാണിജ്യനികുതി ചെക്ക് പോസ്റ്റ്

115 (2593) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമരവിള വാണിജ്യ നികുതി ചെക്ക് പോസ്റ്റ് അഴിമതി രഹിത ചെക്ക് പോസ്റ്റായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷം അവിടെ വിജിലൻസ് പരിശോധന നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പരിശോധന സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 21-8-2010-ൽ ഒരു വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് വിജിലൻസ് വകുപ്പിന്റെ പരിശോധനയിലാണ്.

വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളെ അഴിമതിമുക്തമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

116 (2594) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളെ അഴിമതി മുക്തമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ;

(ബി) കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെക്ക് പോസ്റ്റുകൾ വഴിയുള്ള നികുതിവരുമാനം വർദ്ധിച്ചതായി കരുതുന്നുണ്ടോ ; എങ്കിൽ ഓരോ ചെക്ക് പോസ്റ്റിന്റെയും വരുമാനം സംബന്ധിച്ച കണക്ക് 1-4-2001 മുതൽ 31-3-2010 വരെയുള്ളത് ലഭ്യമാക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ അഴിമതി മുക്തമാക്കുന്നതിനായി ഒട്ടേറെ പരിഷ്ക്കാര പ്രവർത്തനങ്ങൾക്ക് സർക്കാർ അനുമതി നൽകി നടപ്പിലാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി നിയമിച്ചു. കൂടുതൽ കൗണ്ടറുകൾ തുടങ്ങി, ചെക്ക്പോസ്റ്റുകളിലെ തിരക്ക് ഒഴിവാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഗതാഗത സൗകര്യം, ഭക്ഷണം എന്നിവയും ബംഗ്ര മഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സർക്കാർ ചെലവിൽ താമസ സൗകര്യം, ഭക്ഷണ സൗകര്യം എന്നിവയും ഏർപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനായി 49.78 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും ആയത് പൂർത്തിയാക്കുകയും ചെയ്തു. വാളയാറിൽ ഹൈമാസ്റ്റ് ഫ്ളഡ് ലൈറ്റ് സംവിധാനം സ്ഥാപിച്ചു. ഇതു കൂടാതെ വാളയാറിൽ മലബാർ സിമന്റ്സിൽ നിന്നും വൈദ്യുതി ലൈൻ വലിക്കുന്നതിനുവേണ്ടി 15 ലക്ഷം രൂപ അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. വാളയാറിലെ റോഡ് മരാമത്ത് പണികൾക്ക് വേണ്ടി 26.5 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ജോലി പൂർത്തിയാക്കുകയും ചെയ്തു. ചെക്ക്പോസ്റ്റിൽ വൈദ്യുതി തടസ്സം ഉണ്ടാകാതിരിക്കുവാൻ വേണ്ടി ജനറേറ്റർ സ്ഥാപിക്കുകയും, ബന്ധപ്പെട്ട വൈദ്യുതീകരണം നടത്തുകയും ചെയ്തു. ജലവിതരണം ഉറപ്പാക്കുന്നതിനുവേണ്ടി കുഴൽക്കിണർ നിർമ്മിച്ചു.

വാളയാർ ചെക്ക്പോസ്റ്റിൽ റെറൽപ് ഡെസ്ക്, ട്രഷറി, പോലീസുകാർക്ക് വേണ്ടി കണ്ടെയിനർ എന്നിവ സ്ഥാപിച്ചു.

വാളയാർ ഔട്ട്-ഇൻ ചെക്ക്പോസ്റ്റുകളിൽ ടോക്കൺ സ്വീകരിക്കുന്നതിന് വേണ്ടി 2 എണ്ണം, വാളയാർ ഔട്ട് ചെക്ക്പോസ്റ്റിൽ ഗ്രീൻ ചാനൽ സംവിധാനത്തിന് വേണ്ടി ഒരെണ്ണം എന്നിങ്ങനെ കണ്ടെയിനർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു.

ആർ.ടി.ഒ.ചെക്ക്പോസ്റ്റിനുവേണ്ടി 9,60,000 രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകി. വാളയാറിൽ ട്രഷറി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. 231 ലക്ഷം രൂപ ചെലവിട്ട് പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളിലേക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾനടത്തി.

ബംഗ്രമഞ്ചേശ്വരം ചെക്ക്പോസ്റ്റിലെ വാഹനപരിശോധന കാര്യക്ഷമമാക്കുന്നതിനായി 6.27 ലക്ഷം രൂപ ചെലവിൽ ഹൈമാസ്റ്റ് ഫ്ളഡ്ലൈറ്റ് സംവിധാനം സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. ഗ്രീൻ ചാനൽ സംവിധാനം ആരംഭിച്ചു. ബാരിക്കേഡ് ഓപ്പറേറ്റേഴ്സ് ക്യാബിൻ സ്ഥാപിച്ചു. ചെക്ക്പോസ്റ്റിന് സമീപമായി 89 ലക്ഷം രൂപ ചെലവിൽ പാർക്കിംഗ്വേയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ചെക്ക്പോസ്റ്റ് യാർഡ് നവീകരിച്ചു, കൗണ്ടറുകൾ നവീകരിച്ചു. ഓൺലൈൻ ഡാറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തി.

വാളയാർ, നടുപ്പുണി, ഗോപാലപുരം എന്നീ ചെക്ക് പോസ്റ്റുകളിൽ ട്രഷറി സ്ഥാപിച്ചു. ഗോപാലപുരത്തെ നവീകരണപ്രവർത്തനവും, ഗോവിന്ദപുരത്തെ യാർഡ് കോൺക്രീറ്റിംങ്ങ് പ്രവർത്തനങ്ങളും പൂർത്തിയായി.

പാലക്കാട് ജില്ലയിലെ താത്കാലിക ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാളറ, ചെമ്മണാംപതി, കണ്ണിമാരി, അത്തിക്കോട് എന്നീ ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ ഓഫീസ് മോഡ്യൂളുകൾ സ്ഥാപിച്ചു കഴിഞ്ഞു. അമരവിളയിൽ വെരിഫിക്കേഷൻ കൗണ്ടർ നിർമ്മിച്ചു.

അതിർത്തി പ്രദേശങ്ങളിലെ സുപ്രധാന ചെക്ക്പോസ്റ്റുകളിൽ ബി. ഒ. ഒ. അടിസ്ഥാനത്തിൽ വെയ്ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് അനുമതി നൽകി. അമരവിള, വാളയാർ, ഗോപാലപുരം, ഗോവിന്ദപുരം, ബംഗ്രമഞ്ചേശ്വരം കൂട്ടുപ്പുഴ, മീനാക്ഷിപുരം, നടുപ്പുണ്ണി, കുമിളി എന്നീ ചെക്ക്പോസ്റ്റുകളിൽ വെയ്ബ്രിഡ്ജ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

നടുവല്ലൂണ്ണി, ഗോപാലപുരം, മീനാക്ഷിപുരം എന്നിവിടങ്ങളിലെ വെയ്ബ്രിഡ്ജുകൾക്ക് സമീപം സോഡിയം ലാമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകി. വാളയാർ ചെക്ക്പോസ്റ്റിൽ ചെക്കിംഗ് പ്ലാറ്റ്ഫോമിന് മേൽക്കൂര നിർമ്മിക്കുന്നതിന് 10.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇൻകെലുമായി ചേർന്ന് ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

അഴിമതിരഹിത പദ്ധതിയുടെ ഭാഗമായി നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരത്ത് 4 പ്രധാന ചെക്ക്പോസ്റ്റുകളിൽ 5.91 ലക്ഷം രൂപ ചെലവിൽ ബാരിക്കേഡ് ഓപ്പറേറ്റേഴ്സ് ക്യാബിൻ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകി. അമരവിളയിൽ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഭക്ഷണവും താമസ സൗകര്യവും നൽകി നിയമിച്ചു. അമരവിള, ഉച്ചക്കട, പാട്ടക്കുളം, കഞ്ചാംപഴിഞ്ഞി എന്നീ ചെക്ക്പോസ്റ്റുകളിൽ അഡീഷണൽ ബാരിക്കേഡുകൾ സ്ഥാപിക്കുവാനും അനുമതി നൽകിയിട്ടുണ്ട്.

അമരവിള ചെക്ക്പോസ്റ്റ് യാർഡ് നവീകരണത്തിനായി 100 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എൻ.എച്ച് 47-ൽ കി.മി. 588/000 നു സമീപം അമരവിള ഔട്ട് ചെക്ക്പോസ്റ്റ് നിർമ്മാണത്തിനായി 128 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. 9.29 ലക്ഷം രൂപ ചെലവിൽ അമരവിള ഔട്ട് ചെക്ക്പോസ്റ്റിൽ കണ്ടെയ്നർ സ്കാനിംഗ് മോഡ്യൂളുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ചെക്ക് പോസ്റ്റുകളുടെ നവീകരണത്തോടനുബന്ധിച്ച് വിവര സാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളാ അതിർത്തി ചെക്ക്പോസ്റ്റുകൾ വഴി കടന്നുപോകുന്ന ചരക്കു വാഹനങ്ങൾക്ക് ഇ-ഡിക്ലറേഷൻ മുൻകൂർ ആയി ഫയൽ ചെയ്യാൻ ഉള്ള സൗകര്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതോടനുബന്ധിച്ച് അമരവിള ചെക്ക്പോസ്റ്റിനെ ഒരു പൈലറ്റ് പ്രോജക്ട് ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ചരക്കുവാഹനങ്ങളുടെ ഗതാഗത നിയന്ത്രണം വീക്ഷിക്കുന്നതിനും ചെക്ക്പോസ്റ്റിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിലേക്കും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉടനടി നൽകുന്നതിലേക്കും വേണ്ടി ചെക്ക്പോസ്റ്റും അതിന്റെ പരിസരവും പൂർണ്ണമായും സി.സി.റ്റി.വി യുടെ നിരീക്ഷണത്തിൽ കൊണ്ടുവന്നു. ചരക്കുവാഹനങ്ങളുടെ ഉടമകൾക്കോ ഡ്രൈവർമാർക്കോ ചരക്കിന്റെ ഉടമസ്ഥർക്കോ ഇ-ഡിക്ലറേഷൻ ഇന്റർനെറ്റ് വഴി ഫയൽ ചെയ്യാൻ പ്രയാസം നേരിടുകയാണെങ്കിൽ അവരെ സഹായിക്കുന്നതിലേക്കായി ഹെൽപ് ഡസ്ക്കുകൾ ചെക്ക്പോസ്റ്റിന്റെ സമീപത്ത് സർക്കാർ ചെലവിൽ കെട്ടിടം, കറണ്ട് എന്നിവ നൽകിക്കൊണ്ട് സ്ഥാപിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly